**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3253** **13-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് വില്ലേജുകളാക്കുന്നതിനും കെട്ടിട നിർമ്മാണത്തിനും ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി, നെല്ലിപ്പൊയിൽ, തിരുവമ്പാടി, കൊടിയത്തൂർ, നീലേശ്വരം എന്നീ വില്ലേജ് ഓഫീസുകൾ ശോച്യാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുതുപ്പാടി ഒഴികെയുള്ള വില്ലേജ് ഓഫീസുകൾ ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇവയെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനും കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ബി) | അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിലേക്കായി കൊടിയത്തൂർ, നീലേശ്വരം വില്ലേജുകൾക്ക് യഥാക്രമം 2018-19, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അഡീഷണൽ റൂം നിർമ്മാണം നടന്നു വരുന്നുണ്ട്.<br><br>അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ